# ഇസ്‌ലാമിക നാഗരികതയും പരിസ്ഥിതിയും

പടിഞ്ഞാറൻ നാഗരികതയിൽനിന്ന് വ്യത്യസ്തമായി ഇസ്‌ലാമിക നാഗരികത പാരിസ്ഥിതിക മൂല്യങ്ങൾക്ക് മുൻതൂക്കം കല്പിച്ചുവെന്നത് എടുത്തുപറയേണ്ട പ്രത്യേകതയാണ്. വികസനം പരിസ്ഥിതി വിരുദ്ധവും മനുഷ്യന്റെ ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നതുമാവാതിരിക്കാൻ ഇസ്‌ലാമിക നാഗരികതയെ സഹായിച്ചത് അതിന്റെ ധർമ സദാചാര തത്ത്വങ്ങളാണ്. “ശാസ്ത്രം പടിഞ്ഞാറുണ്ടാക്കിയ അത്രയും പുരോഗതി ഇസ്‌ലാമിലുണ്ടാക്കിയിട്ടില്ലയെങ്കിൽ അതിനുള്ള ഏക കാരണം ഇസ്‌ലാം മൂല്യങ്ങളെ മൊഴി ചൊല്ലിയില്ല എന്നതാണ്”- പർവേസ് മൻസ്വൂർ (ജിയോളജിസ്റ്റ്, സ്റ്റോക് ഹോം യൂനിവേഴ്സിറ്റി). പ്രകൃതിയും സദാചാര തത്ത്വങ്ങളും ഖുർആന്റെ അടിസ്ഥാന വിഷയങ്ങളിൽ പെടുന്നതാണ്. ജീവമണ്ഡലത്തിന്റെ ധാർമിക ഉത്തരവാദിത്വം മനുഷ്യനെയാണ് ഖുർആൻ ഏല്പിക്കുന്നത്. ‘ഭൗതിക ലോകത്തിന്റെ ധാർമിക ക്രമീകരണത്തിന് ഇസ്‌ലാം ഓരോ വ്യക്തിയെയും ഉത്തരവാദിത്വപ്പെടുത്തുന്നു’ എന്ന് മാർഷൽ ജി. ഹോഡ്ഗ്സൺ തന്റെ *ദ വെൻച്വർ ഓഫ് ഇസ്‌ലാം* എന്ന കൃതിയിൽ നിരീക്ഷിക്കുന്നു. ഭൂമിയിലേക്ക് നിയോഗിക്കപ്പെട്ട പ്രതിനിധി എന്നതാണ് മനുഷ്യനെക്കുറിച്ച് ഖുർആൻ അവതരിപ്പിക്കുന്ന സങ്കല്പം. ഭൂമിയിൽ വിനയപൂർവം നടക്കാനും നല്ലതു ഭക്ഷിക്കാനും ദൈവത്തെ വണങ്ങാനും ഖുർആൻ ആവശ്യപ്പെടുന്നു. അക്രമവും അനീതിയും ധൂർത്തും ഖുർആൻ വിലക്കുകയും ചെയ്യുന്നു. പരിസ്ഥിതിയുമായി ഇണങ്ങുകയും പൊരുത്തപ്പെടുകയും ചെയ്യുന്ന ജീവിതക്രമമാണ് വിശ്വാസികൾക്കായി ഖുർആൻ നിർദേശിക്കുന്നത്. മനുഷ്യന്റെ പ്രവർത്തനങ്ങളാണ് കരയിലും കടലിലും നാശത്തിന് കാരണമാവുന്നതെന്നും അതിനാൽ കുഴപ്പമുണ്ടാക്കുന്ന പ്രവൃത്തികളിൽ ഏർപ്പെടരുതെന്നും കുറ്റം ചെയ്യുന്നവർ മാത്രമല്ല അതിന്റെ ഫലം അനുഭവിക്കേണ്ടി വരിക എന്നും ഖുർആൻ ഉദ്ബോധിപ്പിക്കുന്നുണ്ട്.

പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നതും മലിനീകരണത്തിനു ഹേതുവാകുന്നതുമായ കാര്യങ്ങൾ ഇസ്‌ലാം വിലക്കുന്നു. ഫലവൃക്ഷങ്ങളുടെ ചുവട്ടിൽ മലമൂത്ര വിസർജനമരുത്, കെട്ടിക്കിടക്കുന്ന വെള്ളത്തിൽ മൂത്രമൊഴിക്കരുത്, ശുചിത്വം പാലിക്കണം, മരങ്ങൾ അനാവശ്യമായി വെട്ടിനശിപ്പിക്കരുത്, ഭക്ഷ്യാവശ്യത്തിനല്ലാതെ മൃഗങ്ങളെ അറുക്കരുത്, ആവശ്യത്തിലധികം ശബ്ദമുയർത്തരുത്, വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കണം, മൃഗങ്ങളെ ദ്രോഹിക്കരുത് ഇങ്ങനെ വ്യക്തമായി എണ്ണിപ്പറയുന്ന മതപരമായ വിധിവിലക്കുകൾ മനുഷ്യനെ പ്രകൃതിയുമായി താദാത്മ്യം സ്ഥാപിക്കാൻ പ്രാപ്തമാക്കുന്നവയാണ്. മുസ്‌ലിം ശാസ്ത്രജ്ഞരെയും സാങ്കേതിക വിദഗ്ധരെയും ഈ പ്രകൃതി പാഠങ്ങൾ സ്വാധീനിച്ചിരുന്നു. ഇതാണ് ഇസ്‌ലാമിക നാഗരികത പരിസ്ഥിതിയുമായി പൊരുത്തപ്പെട്ടു മാത്രം വളർന്നതിന്റെ ആശയ പശ്ചാത്തലം. പ്രവാചകന്റെ വിയോഗാനന്തരം ചെറുപ്പക്കാരനായ ഉസാമഃയുടെ നേതൃത്വത്തിൽ ശത്രുക്കളെ നേരിടാൻ പുറപ്പെട്ട സൈന്യത്തിന് ഖലീഫഃ അബൂബക്ർ നല്കിയ 10 നിർദേശങ്ങൾ ഇസ്‌ലാമിക സംസ്കാരം പ്രകൃതിയോടു സ്വീകരിക്കുന്ന നിലപാടെന്തെന്ന് വ്യക്തമാക്കുന്നു. “ചതിപ്രയോഗമരുത്, മോഷ്ടിക്കരുത്, വിശ്വാസവഞ്ചന ചെയ്യരുത്, അംഗവൈകല്യം വരുത്തരുത്, സ്ത്രീകളെയോ കുട്ടികളെയോ സിവിലിയന്മാരെയോ വധിക്കരുത്, ഈത്തപ്പനകൾ കടപുഴക്കുകയോ അവക്കു തീവെക്കുകയോ ചെയ്യരുത്, ഫലവൃക്ഷങ്ങൾ മുറിക്കരുത്, തിന്നാനല്ലാതെ ആടുകളെയോ മാടുകളെയോ ഒട്ടകങ്ങളെയോ അറുക്കരുത്, മഠങ്ങളിൽ ആരാധിക്കുന്നവരെ ഉപദ്രവിക്കരുത്, അല്ലാഹുവിന്റെ നാമമുച്ചരിച്ചേ ഭക്ഷിക്കാവൂ” -ഇവയായിരുന്നു പ്രസ്തുത നിർദേശങ്ങൾ. അറേബ്യയിൽ വിരളമായിരുന്ന ദേവതാരു വൃക്ഷങ്ങൾ മുറിക്കുന്നതിന് പ്രവാചകൻ വിലക്കേർപ്പെടുത്തിയതും ഇതിനോട് ചേർത്ത് മനസ്സിലാക്കേണ്ടതാണ്.

പ്രത്യാഘാതങ്ങളെക്കുറിച്ചാലോചിക്കാതെ തന്നിഷ്ടം പ്രവർത്തിക്കാൻ ഇസ്‌ലാം മനുഷ്യന്ന് അനുവാദം നല്കുന്നില്ല. പ്രകൃതിയുടെ സംരക്ഷണോത്തരവാദിത്വം ഏല്പിക്കപ്പെട്ട ‘പ്രതിനിധി’ മാത്രമാണ് മനുഷ്യൻ. പ്രകൃതിയുടെ മേൽ ദൈവം ചമയാൻ മനുഷ്യന്ന് അനുവാദമില്ല എന്നർഥം. ദൈവം വിശ്വസിച്ചേല്പിച്ച പ്രതിനിധിയാണ് മനുഷ്യൻ എന്നതിനാൽ പ്രകൃതിയിൽ ദൈവത്തോട് കലഹിക്കേണ്ട അവസ്ഥ ഇസ്‌ലാമിക പരിപ്രേക്ഷ്യപ്രകാരം മനുഷ്യന്നില്ല. സയ്യിദ് ഹുസൈൻ നസ്ർ നിരീക്ഷിക്കുന്നു: **"Nature, being an estate belonging to God has been given to man merely as a trust and man's right to determine over nature (is) only by virtue of his theomo-rphic make -up, not as a rebel against heaven"**(*മാൻ ആന്റ് നേചർ പേ. 96*)

അദ്ൽ (നീതി), ഇഅ്തിദാൽ (മിതത്വം) എന്നീ ഇസ്‌ലാമിക സമീപന മാതൃകകൾ പരിസ്ഥിതിയുമായുള്ള ഇസ്‌ലാമിക നാഗരികതയുടെ ഇടപെടലിൽ നിർണായക പങ്ക്‌വഹിച്ചിട്ടുണ്ട്. പൊതു സമവായം (ഇജ്മാഅ്), നന്മയെ പരിഗണിക്കൽ (ഇസ്തിഹ്സാൻ), പൊതു നന്മ (ഇസ്തിസ്‌ലാഹ്) എന്നീ ശരീഅത് തത്ത്വങ്ങളും പ്രകൃതിയുമായുള്ള സൗമ്യമായ ഇടപെടലിനു പ്രേരിപ്പിക്കുന്നവയാണ്. ‘ഭൂമി മുഴുവൻ പള്ളിയാണ്’ എന്ന പ്രവാചക വചനം പരിസ്ഥിതിയുടെ പവിത്രതയെ കുറിക്കുന്നു. ഇസ്‌ലാമിക സങ്കല്പ പ്രകാരം മനുഷ്യൻ പ്രകൃതിക്കേല്പിക്കുന്ന ക്ഷതം, തനിക്കു തന്നെ ഏല്പിക്കുന്ന ക്ഷതമാണ്. ഇസ്‌ലാമിക നാഗരികതയെ ഈ കാഴ്ചപ്പാട് എപ്രകാരം സ്വാധീനിക്കുന്നുവെന്ന് എസ്. പർവേസ് മൻസ്വൂർ വിശദീകരിക്കുന്നതിങ്ങനെയാണ്:

**"In the early days of Islam, this environmental ethic permiated the entire Muslim society, as can be seen from such products of Muslim technology of that erra as irrigation schemes, the classical layout of classical Islamic Cities like Fez, Sana'a and Isfahan, and the arts and crafts of that age''.(*Touch of Midas p. 161)***

(ഇസ്‌ലാമിന്റെ ആദ്യകാലങ്ങളിൽ ഈ പാരിസ്ഥിതിക സദാചാര തത്ത്വം മുസ്‌ലിം സമൂഹത്തെ മൊത്തത്തിൽ സ്വാധീനിച്ചിരുന്നു. ജലസേചന പദ്ധതികൾ പോലെയുള്ള മുസ്‌ലിം സാങ്കേതിക വിദ്യകളിൽ നമുക്കിത് തെളിഞ്ഞു കാണാനാവും. ഫാസ്, സ്വൻആഅ്, ഇസ്ഫഹാൻ തുടങ്ങിയ നഗരങ്ങളുടെ സംവിധാനത്തിലും ഇതു കാണാം. അക്കാലഘട്ടത്തിലെ കലകളിലും കരകൗശല നിർമിതികളിലും ഇതു കാണാൻ കഴിയും.)